കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനവൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1715/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി: 14.08.2017
Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പനവൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: പനവൂർ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

4)സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1715/17 തീയതി: 14.08.2017

## തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.09.2016 മുതൽ 15.07.2017

തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.2017 മുതൽ 24.06.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.ശ്രീജ.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ജെയ്.പി.ഐ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.തനൂജാ.എം.എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.രേഖ.സി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.വി.കിഷോർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.സൈമ.ജെ. | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീ.സന്തോഷ് കുമാർ.കെ.ബി. | 01.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | രമാകുമാരി.ബി.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സോഫി.ആർ.ദാസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പ്രീത | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.മന രവീന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കെ.ബുഹാരി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലേഖ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ.പ്രേംകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷയിസ് | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ. നം | ഭാഗം - I | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-6 | |
| 7 | പദ്ധതി അവലോകനം | 1-7 | |
| 8 | തനത് വരുമാനം | 1-8 | |
| 9 | ക്ഷേമ പദ്ധതികൾ | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം - 2 | | |
| 13 | വരവിനങ്ങൾ - അവലോകനം | 2-1 | |
| 14 | ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല | 2-2 | |
| 15 | ആവശ്യമായ രേഖകളുടെ അഭാവത്തിൽ ഡി & ഒ ലൈസൻസ് നൽകിയിരിക്കുന്നു. | 2-3 | |
| 16 | ഓഡിറ്റോറിയങ്ങളുടെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 2-5 | |
| 18 | പരസ്യ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-6 | |
| | ഭാഗം - 3 | | |
| 19 | പദ്ധതി നിർവ്വഹണത്തിലെ പിഴവ് മൂലം ഹോമിയോ ഡിസ്പെൻസറിയ്ക്ക് യഥാസമയം മരുന്ന് ലഭിക്കുന്നില്ല. | 3-1 | |

| | | | |
|---|---|---|---|
| | | | |
| 20 | ഔഷധിയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിനുള്ള കാലതാമസം - പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നു. | 3-2 | |
| 21 | മരാമത്തു പ്രവൃത്തികൾ - അവലോകനം | 3-3 | |
| 22 | ജിയോ ഇൻഫോർമാറ്റിക് സിസ്റ്റം - പൂർണ്ണമായി സജ്ജമായിട്ടില്ല - തുടർപ്രവർത്തനങ്ങൾക്കുള്ള നടപടികൾ ആവിഷ്കരിച്ചിട്ടില്ല. | 3-4 | |
| 23 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - എണ്ണം തിട്ടപ്പെടുത്താതെ പ്രോജക്ട് തയ്യാറാക്കിയത് ക്രമപ്രകാരമല്ല. | 3-5 | |
| 24 | പദ്ധതി പൂർത്തീകരണ ലക്ഷ്യം കൈവരിക്കേണ്ടതാണ്. | 3-6 | |
| 25 | നിർവ്വഹണത്തിലെ അപാകതകൾ - പദ്ധതി പരാജയത്തിലേക്ക് - നടപടി കൈക്കൊള്ളേണ്ടതാണ്. | 3-7 | |
| 26 | തൊഴിലുറപ്പ് - ഒരു അവലോകനം | 3-8 | |
| 27 | മരുന്നുകൾ ലഭ്യമായില്ല – ആരോഗ്യ മേഖലയിലെ പദ്ധതി നടത്തിപ്പിൽ വീഴ്ച | 3-9 | |
| 28 | പട്ടികജാതി കുട്ടികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിൽ വീഴ്ച | 3-10 | |
| 29 | എസ്.റ്റി.കുട്ടികൾക്ക് പഠന ഉപകരണങ്ങൾ ലഭ്യമാക്കൽ - സർക്കാർ ഉത്തരവിനേക്കാൾ അധികനിരക്ക് - 20944/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-11 | |
| 30 | എച്ച്.എം.നടപ്പിലാക്കിയ സമഗ്രവിദ്യാഭ്യാസ പരിപാടികൾ - അപാകതകൾ | 3-12 | |
| 31 | വാങ്ങാത്ത പുസ്തകങ്ങൾക്ക് ബില്ലും വൗച്ചറും - 10000/-രൂപ നിരാകരിക്കുന്നു. | 3-13 | |

| | | | |
|---|---|---|---|
| 32 | സ്കൂളുകൾക്ക് ഫ്രിഡ്ജുകൾ വാങ്ങിയത് - എം.ആർ.പി-യിൽ അധികരിച്ച് നൽകിയ 19425/-രൂപ നിരാകരിക്കുന്നു. | 3-14 | |
| 33 | വിദ്യാഭ്യാസ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വേണ്ട പരിഗണനയില്ല | 3-15 | |
| | ഭാഗം - 4 | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 | |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ I(i)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പടെ 53133414/-രൂപ വരവും 46131245/-രൂപ ചെലവും 7002169/-രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി. |
|---|---|---|---|
| 31.07.2017 | 30.07.2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | - | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻ ബാക്കി | 2518686 |
| വരവ് | 50614728 |
| ആകെ | 53133414 |
| ചെലവ് | 46131245 |
| നീക്കിയിരിപ്പ് | 7002169 |

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 13252986 | 13252986 | 13252986 | 0 | - |
| 2 | വികസനഫണ്ട് (എസ്.സി.പി) | 0 | 3588940 | 3588940 | 3588940 | 0 | - |
| 3 | വികസനഫണ്ട് (ടി.എസ്.പി) | 0 | 372594 | 372594 | 372594 | 0 | - |
| 4 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4484811 | 4484811 | 4484811 | 0 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | CFC | | | | | | |
| 5 | പെർഫോമൻസ് ഗ്രാന്റ് KCGSDP | 0 | 381500 | 381500 | 381500 | 0 | - |
| 6 | സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 2840907 | 2840907 | 2840907 | 0 | - |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5895854 | 5895854 | 5895854 | 0 | - |
| 8 | എം.ജി.എൻ. ആർ.ഇ.ജി.എസ്. | 1201 | 41529548 | 41530749 | 41529299 | 1450 | - |
| 9 | ബി ഫണ്ട് | 0 | 35749800 | 35749800 | 35749800 | 0 | - |
| 10 | തനത് ഫണ്ട് | 23823351 | 14048422 | 16430757 | 11616108 | 4814649 | - |
| 11 | ഇ-ഫണ്ട് | 136351 | 44985507 | 45121858 | 42934338 | 2187520 | - |

## 1-6 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സചിത്ര സോഫ്റ്റ്‌വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വാർഷിക ധനകാര്യ പത്രികയിൽ പ്രകടമായിട്ടില്ല.

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | - | 84 | - | 6 | 41 | 64% |

## 1-8 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെപറയും പ്രകാരം 2885682/-രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2830544 | 4697318 | 1866774 |
| നികുതിയേതരവരവുകൾ | 37136142 | 38155050 | 1018908 |

## 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 584400 | 372 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 7595760 | 742 |
| വിധവാ പെൻഷൻ | 12268780 | 1121 |
| വാർദ്ധക്യകാല പെൻഷൻ | 12247860 | 27 |
| വികലാംഗ പെൻഷൻ | 2719940 | 262 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 273060 | 27 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന പനവൂർ പഞ്ചായത്തിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8725/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

വരവിനങ്ങൾ പ്രതിപാദിക്കുന്ന രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കുന്നതിൽ കൂടുതൽ ജാഗ്രത വേണ്ടതാണ് (ഖ.2.2 കാണുക). ലൈസൻസുകൾ നൽകുമ്പോൾ ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് (ഖ.2.3 കാണുക). പരസ്യ നികുതി ബൈല തയ്യാറാക്കി നികുതി വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ് (ഖ.2.6). പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ആവശ്യകതാ

നിർണയം നടത്തി അടങ്കൽ നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് (ഖ.3.6). വൻതുക അടങ്കൽ നിശ്ചയിച്ച് പ്രവൃത്തികൾ പൂർത്തിയാക്കാതിരിക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2017 | 2016 ഡിസംബർ വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.05.2016 മുതൽ 24.05.2016 വരെ | 2011-12 മുതൽ 2015-16 വരെ | 15.12.2016 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവിനങ്ങൾ - അവലോകനം

പനവൂർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ നികുതി നികുതിയേതര വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് എന്നിവ പിരിക്കുന്നതിൽ സ്തുത്യർഹമായ പ്രവർത്തനം നടത്തുകയും ആയതിന്റെ അടിസ്ഥാ നത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 70 ശതമാനത്തിലധികം പിരിക്കുവാൻ കഴിഞ്ഞത് പഞ്ചായത്തിന്റെ നേട്ടമായി കണക്കാക്കാവുന്നതാണ്. എന്നാൽ നികുതി പിരിവിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

## 2-2 ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 234 എന്നീ വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഡി &ഒ ട്രേയ്ഡ് & ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ, വർക്ക് ഷോപ്പോ, തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് രജിസ്റ്റർ) തയ്യാറാക്കേണ്ടതും കാലികമായി സൂക്ഷിക്കേണ്ടതുമാണ്.

പനവൂർ ഗ്രാമപഞ്ചാത്തിൽ ഡി & ഒ ലൈസൻസ് ആവശ്യമുള്ള വ്യാപാരികളുടെയും ഫാക്ടറികളുടെയും പട്ടിക ഓഡിറ്റ് എൻക്വയറി നം.2 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പ് വരുത്താതെ ഡിമാന്റ് കണക്കാക്കിയത് എങ്ങനെയാണെന്ന് വ്യക്തമല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്.

## 2-3 ആവശ്യമായ രേഖകളുടെ അഭാവത്തിൽ ഡി & ഒ ലൈസൻസ് നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ധാരാളം അപേക്ഷകളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, വാടകക്കരാർ, എച്ച്.ഐ-യുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ലൈസൻസ് നൽകിയതായി കാണുന്നു. കൂടാതെ അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്താ ത്തതിനാൽ ലൈസൻസ് കണക്കാക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്തുവാനും കഴിഞ്ഞിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഡി & ഒ ലൈസൻസ് നൽകിയ ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | ലഭ്യമാകാത്ത രേഖകൾ |
|---|---|---|---|
| 1 | 283/XI | സാമിൽ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, വനം വകുപ്പിന്റെ ലൈസൻസ് |
| 2 | 237/V | കോഴിഫാം | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 3 | 259/XIII | സോഡ നിർമ്മാണം | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |
| 4 | 154-BCP/X | ഇന്റർലോക്ക് കമ്പനി | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ ലൈസൻസ് |
| 5 | 209/X | റോയൽ ഫുഡ് (ചപ്പാത്തി, ബേക്കറി നിർമ്മാണം) | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |
| 6 | 689-A/V | തിരുവാതിര വെൽഡിംഗ് വർക്ക്ഷോപ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |
| 7 | 446/X | സിമെന്റ് വ്യാപാരം | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |
| 8 | 335/XI | ചോയ്സ് മോട്ടോർ വെൽഡിംഗ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| | | വർക്ക് ഷോപ്പ് | |
| 9 | 198/III | ഫാത്തി ഫ്ലവർമിൽ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 10 | 232/III | റബ്ബർ പാൽ സംഭരണം | വാടകക്കരാർ ലഭ്യമല്ല |
| 11 | 325/XII | വസ്ത്ര വ്യാപാരം | വാടകക്കരാർ ലഭ്യമല്ല |
| 12 | 337/VII | റബ്ബർഷീറ്റ് പ്രോസസ്സിംഗ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |

ഭാവിയിൽ ഡി & ഒ ലൈസൻസിനായുള്ള അപേക്ഷ പരിഗണിക്കുമ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഓഡിറ്റോറിയങ്ങളുടെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പനവൂർ ഗ്രാമപഞ്ചായത്തിൽ 2 ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റോറിയങ്ങളുടെ സ്ഥാപന നികുതി കുടിശ്ശിക ഉൾപ്പെടെ വരും വർഷങ്ങളിൽ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

പനവൂർ ഗ്രാമപഞ്ചായത്തിൽ 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 2 ടവറുകൾ ഒഴികെയുള്ളവയുടെ വസ്തുനികുതി കുടിശ്ശികയായിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽഡിംഗ് നമ്പർ | ഉടമസ്ഥന്റെ പേര് | വസ്തു നികുതി | കുടിശ്ശിക വിവരങ്ങൾ | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| 1 | 1/362 | മാനേജർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 11499 | 2014-15 മുതൽ | 45995 |
| 2 | 3/189/A | മാനേജർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 24000 | 2016-17 മുതൽ | 37714 |
| 3 | 10/431/A | M/S ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 18642 | 2016-17 മുതൽ | 36727 |
| 4 | 10/437/A | മാനേജർ, റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 24000 | 2013-14 മുതൽ | 120000 |

| | | | | | |
|---|---|---|---|---|---|
| 5 | 10/437/D | മാനേജർ, ഭാരതി എയർടെൽ ലിമിറ്റഡ് | 24000 | 2013-14 മുതൽ | 96000 |
| ആകെ | | | | | 336436 |

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-6 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നടപടികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. വസ്തുനികുതി കുടിശ്ശിക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കിയതിൽ പഞ്ചായത്തിന് വരുമാന നഷ്ടം.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 209 എ വകുപ്പ് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ ഏതൊരാളും യാതൊരു പരസ്യവും ആ ഗ്രാമ പ്രദേശത്തിലെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ അല്ലെങ്കിൽ അതിന്റെ മുകളിലോ കുത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. 25.07.2002-ലെ നം.128/ 2002/തസ്വഭവ (SRO 654/2002) നമ്പർ ഉത്തരവ് പ്രകാരം അനുവദനീയമായ പരസ്യങ്ങൾക്ക് ഈടാക്കാവുന്ന കുറഞ്ഞ പരസ്യനികുതിയുടെ നിരക്ക് നിശ്ചയിച്ച് ആയതിലേക്ക് നിബന്ധന കൾക്ക് വിധേയമായി ഓരോ പഞ്ചായത്തും ഒരു ബൈലാ ഉണ്ടാക്കി സർക്കാരിന്റെ അനുമതി നേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ പനവൂർ ഗ്രാമപഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കുന്നതിനായി നിയമാനുസൃത ബൈലാ തയ്യാറാക്കുകയോ പരസ്യനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് മൂലം പഞ്ചായത്തിൽ പരസ്യ നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ആയതിനാൽ പരസ്യ നികുതി പിരിക്കുന്നതിനുള്ള ബൈലാ തയ്യാറാക്കി ഗവൺമെന്റിൽ നിന്ന് അംഗീകാരം നേടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിലെ പിഴവ് മൂലം ഹോമിയോ ഡിസ്പെൻസറിക്ക് യഥാസമയം മരുന്ന് ലഭിക്കുന്നില്ല.

പ്രോജക്ട് നം. : S0030/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹോമിയോ മെഡിക്കൽ ഓഫീസർ

അടങ്കൽ തുക : 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡ് ഇതരം (ജനറൽ)

ചെലവായ തുക : 1,50,000/-രൂപ

ബിൽ നം./തീയതി : 3/16-17, തീയതി. 17.03.17

ഭരണാനുമതി : I(1)/18.08.2016.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പനവൂർ ഗ്രാമപഞ്ചായത്തിലെ കഴകുന്ന് ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വാങ്ങുന്നതിലേക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 1,50,000/-രൂപ വകയിരുത്തുകയും, ആലപ്പുഴയിലുള്ള കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് പ്രസ്തുത തുക 17.03.2017-ന് മുൻകൂറായി നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തിലും ഹോമിയോ മരുന്ന് വാങ്ങുന്നതിലേക്കായി പ്രസ്തുത സ്ഥാപനത്തിന് 1.25 ലക്ഷം രൂപ 29.01.2016-ന് മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ 10.11.2016-നാണ് ലഭിച്ചിട്ടുള്ളത്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ Non-availability സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിലാണ് പദ്ധതി തുക ചെലവഴിച്ച് മരുന്ന് വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ സമയബന്ധിതമായി മരുന്ന് ലഭിക്കാത്തത് മൂലം ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള കാലതാമസവും വർഷാവസാനം പദ്ധതി തുക ചെലവഴിക്കുന്നതിനാലുമാണ് പ്രസ്തുത പദ്ധതികൾ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകാതെ വരുന്നത്.

ആയതിനാൽ HOMCO-യിൽ നിന്ന് മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ഔഷധിയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിനുള്ള കാലതാമസം പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകളിൽ തുക മുൻകൂറായി നൽകിയെങ്കിലും ഔഷധിയിൽ നിന്ന് സമയബന്ധിതമായി മരുന്ന് ലഭിക്കുന്നില്ല. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവായ തുക | ബിൽ നം./ തീയതി, കരാർ തീയതി | മരുന്ന് ലഭിച്ചത് | മരുന്ന് ലഭ്യമാകാനുള്ളത് |
|---|---|---|---|---|---|---|---|
| 1 | S0029/17 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 75000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇതരം) | 750000/-രൂപ | ബിൽ നം.1/16-17 തീ.13.1.17 കരാർ തീയതി 01.03.17 | 482778/-രൂപ | 267222/-രൂപ |
| 2 | S0031/17 | വൃദ്ധ ജനങ്ങൾക്ക് ആയുർവേദ മരുന്ന് ലഭ്യമാക്കൽ | 250000/-രൂപ (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ | 250000/-രൂപ | കരാർ തീയതി 01.03.17 | 61594/-രൂപ | 188406/-രൂപ |

27.02.2006-ലെ സർക്കുലർ നം.5398/ഡി.പി.1/2006/തസ്വഭവ. പ്രകാരം ഔഷധിയിൽ നിന്നും തദ്ദേസ സ്വയംഭരണ സ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ ഒരു മാസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ തുക മുൻകൂറായി നൽകാവുന്നതാണെന്നും ഇത് സംബന്ധിച്ച് കരാർ വെയ്ക്കണമെന്നും ഒരു മാസത്തിനുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ട പരിഹാരം നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 28.11.2016-ലെ സർക്കുലർ നം.13166/ ഡി.എ.1/2010/തസ്വഭവ പ്രകാരം സമയ പരിധി 30 ദിവസം എന്നത് 60 ദിവസമായി ഉയർത്തിയിട്ടുണ്ട്.

മേൽ വിവരിച്ചിട്ടുള്ള പ്രോജക്ടുകളിൽ കരാർ വെച്ചിട്ടുണ്ടെങ്കിലും കരാർ പ്രകാരമുള്ള നിശ്ചിത സമയ പരിധിക്കകംതന്നെ മരുന്ന് ലഭ്യമായിട്ടില്ല. കരാർ സമയത്തിനുള്ളിൽ മരുന്ന കൾ ലഭ്യമാക്കാനുള്ള ബാധ്യത ഔഷധിക്കുണ്ട്. ആയതിനാൽ ഔഷധിയിൽ നിന്ന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനും കാലതാമസം വരുത്തിയതിനുള്ള നഷ്ടപരി ഹാരം കരാർ പ്രകാരം ഈടാക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മരാമത്തു പ്രവൃത്തികൾ - അവലോകനം

1) 2016-17 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്തു പ്രവൃത്തികളിൽ ആകെ 50 അംഗീകൃത പ്രോജക്ടുകളുണ്ടായി രുന്നെങ്കിലും 19 എണ്ണം മാത്രമേ പണി പൂർത്തിയാക്കി ചെലവ് നടത്തിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടേയും റോഡുകളുടേയും സമഗ്ര വികസനത്തിനായി പദ്ധതി തയ്യാറാക്കി അംഗീകാരം നേടി. യഥാസമയം നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ ഈ മേഖലയ്ക്ക് വകയിരുത്തിയ തുകയുടെ 38% മാത്രം ചെലവഴിക്കാനായുള്ളൂ. പ്രോജക്ടുകൾ യഥാസമയം അംഗീകാരം ലഭ്യമാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

2) ഇ-ടെണ്ടർ - ഒരേ കോൺട്രാക്ടറുടെ തന്നെ കൂടിയ നിരക്കിലെ ടെണ്ടർ സ്വീകരിച്ചതിനാൽ അധികച്ചെലവ്

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO 68/17 |
| പ്രവൃത്തിയുടെ പേര് | : | കോതകുളങ്ങര -തെറ്റിമൂട് റോട് റീ ടാറിംഗ് |
| അടങ്കൽ | : | 700000 |
| ചെലവ് | : | 697831 |
| ബിൽ നം. | : | 12/16-17 തീയതി. 03.03.17 |
| എം.ബുക്ക് നം. | : | 38/1617 പേജ് നം.42 |
| എഗ്രിമെന്റ് നമ്പർ | : | 24/AE/LSGD/PNR/16-17 dt. 10.01.17 |

കോതകുളങ്ങര - തെറ്റിമൂട് റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്ക് 13.12.16-ന് ഇ-ടെണ്ടർ മുഖേന മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറിൽ ശ്രീ.രതിഷ്.എസ്.എസ്. എന്ന കോൺട്രാക്ടർ മാത്രമാണ് ടെൻഡറിൽ പങ്കെടുത്തത്. 700000/-രൂപ അടങ്കൽ തുക നിശ്ചയിച്ചിരുന്ന ടി പ്രവൃത്തിക്ക് ശ്രീ.രതീഷ് rate per item രീതിയിൽ എസ്റ്റിമേറ്റിൽ നിന്നും 7% കുറവായ 650540/-രൂപയ്ക്കാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഒറ്റ ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ എന്നതിനാൽ സമയം ദീർഘിപ്പിച്ചു നൽകിയതിനെത്തുടർന്ന് 28.12.16-ന് ടെണ്ടർ ഓപ്പൺ ചെയ്തപ്പോൾ രണ്ട് ടെണ്ടർ ലഭിച്ചിരുന്നു. അതിൽ ഒന്ന് ആദ്യം സമർപ്പിച്ചിരുന്ന ശ്രീ.രതീഷ്.എസ്.എസ്-ന്റേതും

രണ്ടാമത്തേത് ശ്രീ.മുഹമ്മദ് സലിം എന്നയാളുടേതുമായിരുന്നു. ഇവർ യഥാക്രമം 699103.93, 726052.80 എന്നീ നിരക്കുകളാണ് ക്വാട്ട് ചെയ്തിരുന്നത്. സമയം ദീർഘിപ്പിച്ചതിനുശേഷം ലഭിച്ച രണ്ടു ടെണ്ടറുകളിൽ കുറഞ്ഞ തുകക്ക് ക്വാട്ട്ചെയ്തതിനേക്കാൾ 6.8% കൂടുതൽ ആണ്. എന്നിട്ടും ശ്രീ.രതീഷിന്റെ രണ്ടാമത്തെ ടെണ്ടർ സ്വീകരിക്കുകയും കരാർ ചമയ്ക്കുകയും ചെയ്തു. ഈ പ്രവൃത്തിയിൽ സംഭവിച്ച ചട്ടലംഘനങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ.രതീഷ് ആദ്യം സമർപ്പിച്ച 7% കുറഞ്ഞ എസ്റ്റിമേറ്റിലുള്ള ടെണ്ടർ റദ്ദാക്കുകയോ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റീ ടെണ്ടർ ചെയ്യുകയോ ചെയ്തിട്ടില്ല. സമയം നീട്ടി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആദ്യ ടെണ്ടറിൽ എന്തെങ്കിലും തിരുത്തുള്ള പക്ഷം മാത്രമാണ് ആദ്യം സമർപ്പിച്ചയാളിന് വീണ്ടും സമർപ്പിക്കുന്നതിനും പരിഗണിക്കപ്പെടുകയും ചെയ്യുന്നതിന് അവസരമുള്ളൂ.

2. പൊതുമരാമത്ത് ചട്ടങ്ങൾ KPWA code ഖ.4.2.10 അദ്ധ്യായം 15 KPWD Manual എന്നിവ പ്രകാരം എസ്റ്റിമേറ്റ് റേറ്റിലോ അതിൽ കുറഞ്ഞ നിരക്കിലോ ഒരു ടെണ്ടർ മാത്രം ലഭിക്കുകയാണെങ്കിൽ ത.സ്വ.ഭ.വ. എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടെണ്ടർ സ്വീകരിക്കാവുന്നതാണ്. ആ നിലക്ക് ശ്രീ.രതീഷ് ആദ്യം സമർപ്പിച്ച 7% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാമായിരുന്നു. അതുചെയ്യാതെ സമയം നീട്ടി നൽകിയതിനു ശേഷം ലഭിച്ച കൂടിയ നിരക്ക് സ്വീകരിച്ചു.

3. ലഭിച്ച ടെണ്ടറിലെ നിരക്ക് സ്വീകാര്യമല്ലെങ്കിലോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കാത്ത സാഹചര്യത്തിലോ റീ ടെണ്ടർ ചെയ്യാം. എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല.

4. ആദ്യം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.രതീഷിന്റെ രണ്ടാമത്തെ കൂടിയ നിരക്കിൽ സ്വീകരിക്കാതെ നെഗോഷിയേറ്റ് ചെയ്തിരുന്നെങ്കിലും അധികച്ചെലവ് ഒഴിവാക്കാ മായിരുന്നു.

ഇപ്രകാരം പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ പ്രാവർത്തികമാക്കുക വഴി ആദ്യം ക്വാട്ട് ചെയ്തതും രണ്ടാമത് ക്വാട്ട് ചെയ്ത് പ്രവൃത്തി നടത്തിയതും തമ്മിലുള്ള വ്യത്യാസം 47291/-രൂപ അധികച്ചെല വുണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ജിയോ ഇൻഫോർമാറ്റിക് സിസ്റ്റം - പൂർണ്ണമായി സജ്ജമായിട്ടില്ല – തുടർ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ ആവിഷ്കരിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO 135/17 |
| അടങ്കൽ | : | 600000 |
| ചെലവ് | : | 600000 (1,60,000 ബ്ലോക്ക് വിഹിതം) |
| ബിൽ നം. | : | 25/07.03.17, 35/29.03.17 ചെക്ക് നം.2081284/30.03.17 |
| നിർവ്വഹണം | : | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച സമ്പൂർണ്ണ വിവരങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുകയും ആവശ്യമുള്ള വിവരങ്ങൾ ഉടൻ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ഉപയോഗിക്കാവുന്ന സോഫ്റ്റ്വെയറാണ് ജിയോ ഇൻഫോർമാറ്റിക് സിസ്റ്റം എന്ന പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. കരകുളം

ഗ്രാമീണ പഠന കേന്ദ്രത്തെ ഈ പദ്ധതിയുടെ ഏജൻസിയായി അംഗീകരിക്കുകയും ചെയ്തു. സെക്രട്ടറിയും കരകുളം ഗ്രാമീണ പഠന കേന്ദ്രം ഡയറക്ടറുമായി 31.01.2017-ൽ ഈ വിഷയത്തിൽ കരാർ ചമച്ചിട്ടുണ്ട്. അതിൻ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി. 25.03.2017 ആണ്. സർവ്വേ പ്രവർത്തനങ്ങൾ, റിപ്പോർട്ട് തയ്യാറാക്കൽ, ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ, റോഡ് കണക്ടിവിറ്റി, തെരുവ് വിളക്കുകളുടെ വിവരം, ജലസ്രോതസ്സുകൾ, കെട്ടിടങ്ങൾ തുടങ്ങിയ ആസ്തികൾ എന്നിവ രൂപപ്പെടുത്തി ഐ.കെ.എം വികസിപ്പിച്ച ലോക്കൽ സോഫ്റ്റ്‌വെയറുകളിലും വെബ് ആപ്ലിക്കേഷനുകളിലും ഉപയോഗിക്കാവുന്ന തരത്തിൽ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ വിന്യസിക്കേണ്ട ചുമതലയാണ് ഗ്രാമീണ പഠന കേന്ദ്രത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. ഇതിനാവശ്യമായ പരിശീലനവും കേന്ദ്രത്തിന്റെ ചുമതലയിൽപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ സമ്പൂർണ്ണ വിവരങ്ങൾ ആവശ്യാനുസരണം ഉടൻ ലഭ്യമാകുന്ന ഈ പദ്ധതി നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. എന്നാൽ പ്രാദേശിക പരിശോധനയിൽ ഈ സിസ്റ്റത്തിന്റെ പ്രവർത്തനം താഴെപറയുന്ന അപാകതകളാൽ പൂർണ്ണമായി സജ്ജമായിട്ടില്ലെന്ന് കണ്ടു.

1. പഞ്ചായത്തിനെ സംബന്ധിച്ച സമ്പൂർണ വിവരങ്ങളുടെയും റിപ്പോർട്ട് ലഭ്യമാക്കാൻ സിസ്റ്റത്തിന് കഴിഞ്ഞില്ല.

   ഉദാ: 1) തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ച റിപ്പോർട്ട്.

   2) ട്രേഡേഴ്സ് ലിസ്റ്റ്

   3) നികുതി വരുമാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ

2. സെക്ഷനുകളുമായി ബന്ധിപ്പിച്ച് സിസ്റ്റത്തിന്റെ പ്രവർത്തനമാരംഭിച്ചിട്ടില്ല.
3. പഞ്ചായത്തിലെ സെക്ഷനുകൾക്ക് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനും തുടർ പ്രവൃത്തികൾക്കും കാലികമായി പരിഷ്കരിക്കുന്നതിനുമുള്ള (updation) പരിശീലനം നൽകിയിട്ടില്ല. ആയതിനുള്ള വ്യവസ്ഥകൾ ഗ്രാമീണ പഠനകേന്ദ്രവുമായി ചമച്ച കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ 17-18 പദ്ധതിയിലും ഇതിനുള്ള തുടർ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവര സമാഹരണത്തിലും ശേഖരണത്തിലും വേഗതയും കൃത്യതയും ഈ സിസ്റ്റത്തിലൂടെ സാദ്ധ്യമാണ്. ആയതിനാൽ സിസ്റ്റം പരിപൂർണ്ണമായി സജ്ജമാക്കുന്നതിനും സെക്ഷനുകളുമായി ബന്ധപ്പെടുത്തി തുടർ പ്രവർത്തനങ്ങൾക്കും കാലിക പരിഷ്കരണത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയ തുക പാഴ്ച്ചെലവായി മാറും എന്ന് വിലയിരുത്തുന്നു.

## 3-5 <u>തെരുവ് വിളക്കുകളുടെ മെയിന്റനൻസ് - എണ്ണം തിട്ടപ്പെടുത്താതെ പ്രോജക്ട് തയ്യാറാക്കിയത് ക്രമപ്രകാരമല്ല.</u>

പ്രോജക്ട് നമ്പർ : S 54/17

അടങ്കൽ : 800000

ചെലവ് : 405900

പനവൂർ ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകളിലുമുള്ള തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി

കൾക്കായി 800000/-രൂപ അടങ്കൽ തുക വെച്ച് നടപ്പിലാക്കി വരുന്ന പ്രോജക്ടാണിത്. ക്വട്ടേഷനിലൂടെ തെരഞ്ഞെടുത്ത AIMS Energy system നെടുമങ്ങാട് എന്ന സ്ഥാപനവുമായി 03.08.16-ന് ചമച്ച കരാറിൽ 12 മാസത്തെ അറ്റകുറ്റപ്പണികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് 2x11 watts -ന്റെ 1500 എണ്ണത്തിന് 400/- രൂപ നിരക്കിലും 110 watts-ന്റെ 69 എണ്ണത്തിന് 2000/- രൂപ നിരക്കിലും 2x36 watts -ന്റെ 47 എണ്ണത്തിന് 600/- രൂപ നിരക്കിലുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. വാർഷിക അറ്റകുറ്റപ്പണി നാല് ഭാഗങ്ങളായി തിരിച്ച് ആകെത്തുകയുടെ നിശ്ചിത ശതമാനം തുക വീതം നാല് ഘട്ടങ്ങളിലായി നൽകുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. രണ്ടു ഘട്ടങ്ങളിലെ മെയിന്റനൻസിനായി ആകെ 405900/-രൂപ ഇതുവരെ ചെലവായിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പിലാക്കിയതിൽ വന്നിട്ടുള്ള അപാകതകൾ താഴെപ്പറയുന്നു.

1. തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ച് എണ്ണം, കപ്പാസിറ്റി മുതലായ വിശദവിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം വാർഡ് തിരിച്ച്, കെ.എസ്.ഇ.ബി-യുമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി തിട്ടപ്പെടുത്തിയിട്ടല്ല പ്രോജക്ടിൽ തുക നിശ്ചയിച്ചത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 4-ന് ജോയിന്റ് വെരിഫിക്കേഷനു വേണ്ടി കെ.എസ്.ഇ.ബി-ക്ക് കത്ത് നൽകിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സെക്ഷനുകളിൽ വെരിഫിക്കേഷൻ നടന്നുവരുന്നതായും മറുപടി നൽകിയിട്ടുണ്ട്. ഓരോ വാർഡിലെയും നിശ്ചിത watts-ലുള്ള തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം നിശ്ചയിക്കാതെ പദ്ധതി തുക നിശ്ചയിച്ചത് അപാകതയാണ്. ആകെ എണ്ണം തിട്ടപ്പെടുത്തി ആയതിനനുസരിച്ചാണ് തുക നിശ്ചയിക്കേണ്ടി യിരുന്നത്. എണ്ണം തിട്ടപ്പെടുത്തുമ്പോൾ കുറവായിരുന്നാലും കരാർ പ്രകാരമുള്ള തുക നൽകേണ്ടി വരുന്നു. വരും വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഈ അപാകത സംഭവിക്കാതി രിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3. അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് വാർഡ് മെമ്പർമാർ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പെയ്മെന്റ് നടത്തിയിട്ടുള്ളത്. ഇത് അപര്യാപ്തതയാണ്. കെ.എസ്.ഇ.ബി-യുടെ സൂപ്പർവിഷനിൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. എങ്കിൽ മാത്രമേ ചെലവായ തുകയുടെ കൃത്യത ഉറപ്പിക്കാൻ കഴിയൂ.

## **3-6** <u>പദ്ധതി പൂർത്തീകരണ ലക്ഷ്യം കൈവരിക്കേണ്ടതാണ്.</u>

പ്രോജക്ട് നം. : S0049/17 കാർഷിക കർമ്മസേനയ്ക്ക് കൃഷി യന്ത്രം ലഭ്യമാക്കൽ

നിർവ്വഹണം : കൃഷി ഓഫീസർ

തുക : 75,000/- (വികസന ഫണ്ട്)

ബിൽ നം : 3/2017 തീയതി. 07.03.17

മേൽ പദ്ധതി പ്രകാരം Regional Agro Industrial Development co-operative-ൽ നിന്നും Invoice No.C361/10.03.17 പ്രകാരം cultivator, Bund former, gage wheal എന്നീ കൃഷിക്ക് ഉപയോഗപ്രദമായ സാധനങ്ങൾ വാങ്ങി കൃഷി വകുപ്പിന്റെ വകയായ ട്രാക്ടറിൽ ഘടിപ്പിച്ച് കൃഷി സംബന്ധമായ ആവശ്യങ്ങൾക്ക് വേണ്ടി കാർഷിക കർമ്മസേനയ്ക്ക് നൽകുക എന്നതാണ് ഉദ്ദേശം. എന്നാൽ സ്ഥലപരിശോധനാ വേളയിൽ മേൽപറഞ്ഞ സാധനങ്ങൾ കാർഷിക കർമ്മസേനയ്ക്ക് നൽകുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുകയുണ്ടായില്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ

ക്ഷണിക്കുന്നു.

## 3-7 നിർവ്വഹണത്തിലെ അപാകതകൾ - പദ്ധതി പരാജയത്തിലേക്ക് - നടപടി കൈക്കൊള്ളേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO123/17 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് |
| നിർവ്വഹണം | : | വി.ഇ.ഒ |
| തുക | : | 1400000/- (വികസന ഫണ്ട്) |
| ബിൽ നം | : | 30/16-17, തീയതി. 29.03.17 |
| തുക | : | 1000000/- |
| ബിൽ നം. | : | 33/2017 തീയതി. 30.03.17 |
| തുക | : | 400000/- |

മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 1400000/-രൂപ കുടുംബശ്രീയിൽ ഉൾപ്പെട്ട ഏഴ് ഗ്രൂപ്പുകൾക്ക് 200000/-രൂപ വീതം canteen, Napkin unit, Book Binding, food processing unit, carry bag unit, tailoring unit നടത്തുക എന്ന ഉദ്ദേശത്തോടെ Back end subsidy ആയി നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ കല്ലിയോട് ഫ്ലവർമിൽ നാളിതുവരെ വൈദ്യുതി പോലും ലഭിക്കാതെ പൂട്ടിയിടുകയും, ആറ്റിൻപുറം (food processing unit) ഭാഗികമായി പ്രവർത്തിക്കുകയും ബാക്കി വരുന്ന അഞ്ച് സ്ഥാപനങ്ങൾ തുടങ്ങാൻ വേണ്ട പ്രാരംഭനടപടികൾ പോലും നടന്നിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയായി കാണുന്നു. ആവശ്യമായ പരിശീലനവും മറ്റു സഹായങ്ങളും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി പദ്ധതി വിജയത്തിലേക്ക് എത്തിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-8 തൊഴിലുറപ്പ് - ഒരു അവലോകനം

2016-17 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കാർഡ് ഇഷ്യൂ ചെയ്തവരുടെ എണ്ണം 4320 ആണ്. ആയതിൽ 100 ദിവസം തൊഴിൽ നൽകിയത് 88 കുടുംബങ്ങളും. മേൽ സാമ്പത്തിക വർഷത്തിൽ

ഭൂവികസന പ്രവൃത്തികൾ - 90

സംഘങ്ങൾക്ക് പാട്ടകൃഷിയ്ക്ക് ഭൂമി ഒരുക്കൽ - 19

മൺറോഡ് പുനരുദ്ധാരണം - 39

മഴക്കുഴി നിർമ്മാണം - 29

തോട് പുനരുദ്ധാരണം - 63

ഐ.എ.വൈ ഭവന നിർമ്മാണം - 49

കുളം പുനരുദ്ധാരണം - 1

എന്നിവ നടപ്പിലാക്കി. 2016-17-ൽ കരിഞ്ചപൊതുകുളം എന്ന പദ്ധതി ആസ്തി ആയി നിർമ്മിച്ചു.

## 3-9 മരുന്നുകൾ ലഭ്യമായില്ല – ആരോഗ്യ മേഖലയിലെ പദ്ധതി നടത്തിപ്പിൽ വീഴ്ച

2016-17 കാലയളവിൽ പനവൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള മരുന്നുകൾ KMSCL-ൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം./ തീയതി/തുക | KMSCL-ൽ നിന്നും ലഭിച്ച മരുന്നിന്റെ വില | ലഭിക്കുവാൻ ബാക്കിയുള്ള വയുടെ വില |
|---|---|---|---|---|---|---|---|
| 1 | SOO23/17 | പനവൂർ PHC-യ്ക്ക് മരുന്ന് ലഭ്യമാക്കൽ | 300000 | 300000 | 07/16-17 തീ.17.1.17 തുക-300000 | 93632 | 206368 |
| 2 | SOO34/17 | ജീവിത ശൈലീ രോഗ നിർണ്ണയവും മരുന്ന് ലഭ്യമാക്കലും | 50000 | 50000 | - | - | 50000 |
| 3 | SOO35/17 | പട്ടിക ജാതിയിൽപെട്ട വൃദ്ധജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ മരുന്നുകൾ ലഭ്യമാക്കൽ | 100000 | 100000 | 10/16-17 തീ.18.3.17 തുക- 100000/- | - | 100000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| ആകെ | | | 450000 | 450000 | | 93632 | 356368 |

മരുന്നുകൾ ലഭ്യമാക്കുന്നതിനായി 4,50,000/-രൂപ KMSCL -ന് നൽകിയെങ്കിലും നാളിതുവരെ പദ്ധതി നടത്തിപ്പിനായി മരുന്നുകൾ ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/24.06.17-ന് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 പട്ടികജാതി കുട്ടികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിൽ വീഴ്ച

2016-17 സാമ്പത്തിക വർഷം പനവൂർ ഗ്രാമപ്പഞ്ചായത്തിൽ സേവന മേഖലയിൽ 'പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. : SO 125/17

പ്രോജക്റ്റ് പേര് : 'പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി'

അടങ്കൽ തുക : 400000/-

ചെലവ് തുക : 400000/-

ബിൽ നം./തീയതി/തുക : 02/16-17 തീ.30.03.17 തുക – 400000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്., ആട്ടുകാൽ

1. പത്താം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ലഭ്യമാക്കുന്ന തിനാണ് മേൽപ്പറഞ്ഞ പദ്ധതി നാല് ലക്ഷം രൂപ എസ്.ഡി.പി.ഫണ്ട് വകയിരുത്തിക്കൊണ്ട് വിഭാവനം ചെയ്തത്. എന്നാൽ ഇതിന് വിരുദ്ധമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ നാലു പേരും 2016-17-ൽ പത്താം ക്ലാസ് വിദ്യാർത്ഥികൾ അല്ല. ഗുണഭോക്തൃ ലിസ്റ്റിൽ പത്താം ക്ലാസ് വിദ്യാർത്ഥികൾ ഉണ്ടായിരുന്നിട്ടും പ്രസ്തുത ഗുണഭോക്താക്കളെയൊന്നും തിരഞ്ഞെടുത്തിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ പത്താം ക്ലാസ് വിദ്യാർത്ഥികൾ ഉണ്ടായിരിക്കെ ഇത്തരത്തിൽ നിർവ്വഹണം നടത്തിയതിനുള്ള സാഹചര്യം ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം.6 തീയതി.20.06.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പ്രസ്തുത തീരുമാനത്തിന്റെയോ പുതുക്കിയ പദ്ധതിയുടേയോ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.
2. സർക്കാർ ഉത്തരവ് നം.626/2016.ത.സ്വ.ഭ.വ തീയതി. 15.02.16-ലെ നിർദ്ദേശം ബി.പി.എൽ കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കണമെന്നാണ്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി എ.പി.എൽ കുടുംബാംഗങ്ങളാണ് 4 ഗുണഭോക്താക്കളും.
3. മേൽ ഉത്തരവ് പ്രകാരം നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം. ആയത് പരിശോധിക്കുന്നതിനുള്ള രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമായിരുന്നില്ല.
4. മേൽ ഉത്തരവ് പ്രകാരം എസ്.സി/എസ്.റ്റി വികസന വകുപ്പിൽ നിന്നും ഈ ഇനത്തിൽ

ധനസഹായം ലഭിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ പദ്ധതിയിലെ നാല് ഗുണഭോക്താക്കളിൽ നിന്നും മേൽ പറഞ്ഞ സർട്ടിഫിക്കറ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല.

അംഗീകരിച്ച പദ്ധതിയിന്മേൽ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ, പദ്ധതി പുതുക്കിയതിനുശേഷം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ യോഗ്യത നിർണ്ണയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം കൃത്യമായി നൽകിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിനു ശേഷം മാത്രം പദ്ധതികൾ നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-11** എസ്.റ്റി.കുട്ടികൾക്ക് പഠനഉപകരണങ്ങൾ ലഭ്യമാക്കൽ സർക്കാർ ഉത്തരവിനേക്കാൾ അധിക നിരക്ക് - **20944/-**രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം. : SO 114/17

പ്രോജക്ടിന്റെ പേര് : പട്ടികവർഗ്ഗ കുട്ടികൾക്ക് പഠന ഉപകരണങ്ങൾ ലഭ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്.

ഫണ്ടിനം : വികസന ഫണ്ട്, റ്റി.എസ്.പി.

അടങ്കൽ തുക : 99769/-

ചെലവ് തുക : 96954/-

ബിൽ നം./തീയതി/തുക : 07/13-17 തീയതി. 30.03.17 തുക – 96594/-

മേൽ പറഞ്ഞ പദ്ധതി പ്രകാരം പഠന നിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്തിന്റെ അധീനതയിലുള്ള സർക്കാർ സ്കൂളുകളിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വികസന ഫണ്ട് റ്റി.എസ്.പി-യിൽ നിന്നും 99769/- രൂപയ്ക്ക് വകയിരുത്തി പഠന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്നു.

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തന്നെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവ് (എം.എസ്) 4/2016.ത.സ്വ.ഭ.വ.11.01.2016 ഖണ്ഡിക 6.8(4) പ്രകാരം പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 4000/-രൂപ ധനസഹായം നൽകാവുന്നതാണ്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി 5232/- രൂപയാണ് മേശയും കസേരയും വാങ്ങി നൽകുന്നതിന് ചെലവ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ 17 ഗുണഭോക്താക്കൾക്ക് നൽകിയതിലൂടെ 20944/-രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി റ്റി.എസ്.പി ഫണ്ടിൽ നിന്നും ചെലവ് ചെയ്തിരിക്കുന്നു.

അധികരിച്ച് നടത്തിയ ചെലവിന്റെ വിശദാംശം പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

| ഇനം | തുക | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക | ഉത്തരവ് പ്രകാരം നൽകാവുന്ന തുക @4000/ ഗുണഭോക്താവ് | സർക്കാർ ഉത്തരവിൽ നിന്നും അധികരിച്ച നൽകിയ തുക |
|---|---|---|---|---|---|
| മേശയും കസേരയും | 5232 | 17 | 88944 | 68000/- | 20944/- |

| | | | | | |
|---|---|---|---|---|---|
| | (മേശ - 3737 കസേര-1495) | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/20.06.17-ന് "പദ്ധതി തയ്യാറാക്കുന്ന വേളയിൽ ഉപകരണങ്ങൾക്കുള്ള പരിധി സർക്കാർ നിശ്ചയിച്ചിരുന്നതായി ശ്രദ്ധയിൽപ്പെടാത്തതിനാലാണ് പ്രസ്തുത അപാകത സംഭവിച്ചത്" എന്നാണ് മറപടി നൽകിയത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) മാർഗ്ഗരേഖ ജി.ഒ(എം.എസ്)362/2013 ത.സ്വ.ഭ.വ.16.11.2013-ൽ ഖണ്ഡിക 11.13(iv), (സി), (v) എന്നിവ പ്രകാരം പ്രോജക്ട് തയ്യാറാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന് വ്യക്തിപരമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി/ധന വിനിയോഗ നിബന്ധനകൾ പാലിക്കുന്നവ ആയിരിക്കണം. ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും പ്രകാരമാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനാണ്. ആയതിനാൽ ഓഡിറ്റ് എൻക്വയറി 6-നുള്ള മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല.

## 3-12 എച്ച്.എം.നടപ്പിലാക്കിയ സമഗ്രവിദ്യാഭ്യാസ പരിപാടികൾ - അപാകതകൾ

പ്രോജക്ട് നം. : S0063/17

പ്രോജക്ടിന്റെ പേര് : സമഗ്ര വിദ്യാഭ്യാസ പരിപാടികൾ

അടങ്കൽ തുക : 786285

ചെലവ് തുക : 786285

ബിൽ നം./തീയതി/തുക : 01/16-17 തീയതി.30.03.17 തുക – 137000/-

03/16-17 തീയതി.30.03.17 തുക – 350242/-

04/16-17 തീയതി.30.03.17 തുക – 249819/-

05/16-17 തീയതി.30.03.17 തുക – 34596/-

05/16-17 തീയതി.30.03.17 തുക – 14628/-

ക്രോഡീകരണമില്ലാതെ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

*(i) പ്രവേശനോത്സവം - പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.*

പ്രവേശനോത്സവത്തിന്റെ ഭാഗമായി 1000/-രൂപയ്ക്കുവാങ്ങിയ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

*(ii) കമ്പ്യൂട്ടർ മെയിന്റനൻസ് സംബന്ധിച്ച്* - 5000/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ 06.05.2008-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NERB/8028/07/DPI നം.ഉത്തരവിലെ നിർദ്ദേശം പാലിക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

*(iii) പ്രീ പ്രൈമറി ടീച്ചർമാർക്ക് പരിശീലനം സംബന്ധിച്ച്*

01.01.2016-ലെ ജി.ഒ.(എം.എസ്)04/2016 പ്രകാരം വിദ്യാഭ്യാസ വകുപ്പാണ് അധ്യാപക പരിശീലനം നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി 12000/-രൂപ ഗ്രാമ പഞ്ചായത്ത് അധ്യാപക പരിശീലനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധികാര പരിധിയിലല്ലാത്ത പ്രവർത്തനങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

*(iv) സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ സംബന്ധിച്ച്.*

സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 649285/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെപറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

| ക്രമ നം. | ഇനം | ടെണ്ടർ സമർപ്പിച്ച സ്ഥാപനം | | സ്വീകരിച്ച ടെണ്ടർ | പ്രോജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ച സാധനങ്ങളുടെ എണ്ണം | യഥാർത്ഥത്തിൽ വാങ്ങിയവയുടെ എണ്ണം | അപാകത |
|---|---|---|---|---|---|---|---|
| | | ട്രൈടെക് ട്രേഡേഴ്സ് നിരക്ക് | ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് വിംഗ് SIDCO നിരക്ക് | | | | |
| 1 | സ്റ്റാന്റ് L-72" H-98"-B-97 Rack | 6478 | 5219 | ട്രൈടെക് ട്രേഡേഴ്സ് | 10 | 3 | അംഗീകരിച്ച പദ്ധതി പ്രകാരം 10 എണ്ണം വാങ്ങാൻ തീരുമാനി ക്കുകയും 3 റാക്കുകൾ വാങ്ങിയ വിവരമേ ഫയലിൽ ലഭ്യമാക്കി യിട്ടുള്ളൂ. |
| 2 | ഫ്രിഡ്ജ് ഡബിൾ ഡോർ 255L | 29375 | 29000 | ട്രൈടെക് ട്രേഡേഴ്സ് | 2 | 5 | 2 ഫ്രിഡ്ജ് വാങ്ങുവാൻ ടെണ്ടർ ക്ഷണി ച്ചിട്ട് 5 ഫ്രിഡ്ജുകൾ വാങ്ങി |
| 3 | സ്റ്റഡി | 3533 | 3664 | ട്രൈടെക് | 20 | 14 | 20 എണ്ണം വാങ്ങു |

| | | | | | | | |
|---|---|---|---|---|---|---|---|
| | ടേബിൾ H-25” B-18” L-48” (മെറ്റൽ ഫ്രെയിം ടോപ് ലാമി നേറ്റഡ് ഷീറ്റ് | | | ട്രേഡേഴ്സ് | | | വാൻ തീരുമാനിക്കു കയും 14 എണ്ണം മാത്രം വാങ്ങിയതിന്റെ രേഖകൾ മാത്രം ഹാജരാക്കുകയും ചെയ്തിരിക്കുന്നു. |
| 4 | ഓഫീസ് ടേബിൾ | 12267 | 10059 | ട്രൈടെക് ട്രേഡേഴ്സ് | 1 | 1 | 7208/-രൂപ കുറവ് ക്വാട്ട് ചെയ്ത സിഡ്കോയുടെ ടെണ്ടർ സ്വീകരി ച്ചിട്ടില്ല. |

പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കിയപ്പോൾ നിയമപരമായി നടപ്പിലാക്കുവാൻ പാടില്ലാത്തവ പ്രസ്തുത പ്രോജക്ടിന്റെ അനുബന്ധ പ്രോജക്ടായി നടപ്പിലാക്കിയിട്ടുണ്ട്. ഭാവിയിൽ പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളിലും പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമവുമായി തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

## 3-13 വാങ്ങാത്ത പുസ്തകങ്ങൾക്ക് ബില്ലും വൗച്ചറും - 10000/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. : S0063/17

പ്രോജക്ടിന്റെ പേര് : സമഗ്ര വിദ്യാഭ്യാസ പരിപാടികൾ

അടങ്കൽ തുക : 786285

ചെലവ് തുക : 786285

ബിൽ നം./തീയതി/തുക : 01/16-17 തീയതി.30.03.17 തുക – 137000/-

03/16-17 തീയതി.30.03.17 തുക – 350242/-

04/16-17 തീയതി.30.03.17 തുക – 249819/-

05/16-17 തീയതി.30.03.17 തുക – 34596/-

05/16-17 തീയതി.30.03.17 തുക – 14628/-

സമഗ്ര വിദ്യാഭ്യാസ പരിപാടികൾ എന്ന പദ്ധതിയുടെ ഭാഗമായി 2016-17-ൽ പേരയം ഗവ.യു.പി.എസ്-ൽ 15000/- രൂപയാണ് ദിനാചരണങ്ങൾക്കായി ചെലവ് ചെയ്തിരിക്കുന്നത്. ഇതിൽ 2000/-രൂപയ്ക്ക് നോട്ട് ബുക്കുകൾ 3000/-രൂപയ്ക്ക് ചാർട്ട് പേപ്പർ എന്നിവ ശബരി ബുക്ക് സ്റ്റാളിന്റെ 12.08.2016 തീയതിയിലെ ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്. നോട്ട് പുസ്തകങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് വിതരണം ചെയ്തിട്ടുള്ളത്.

പ്രസ്തുത പ്രോജക്ടിൽ 10000/-രൂപയ്ക്ക് ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഉണ്ട്. വിശദാംശം ചുവടെ.

| വൗച്ചർ നം. | സ്ഥാപനത്തിന്റെ പേര് | പുസ്തകം വാങ്ങിയ കടയുടെ പേര് | കടയുടെ ബിൽ നം./ തീയതി | തുക | ട്രഷറി ബിൽ നം./തീയതി, തുക |
|---|---|---|---|---|---|
| 3 | ഗവ.യു.പി.എസ്, പേരയം | കറന്റ് ബുക്സ്, തിരുവനന്തപുരം | 012921/ 04.06.16 | 5000 (47 പുസ്തകം) | 01/16-17 30.03.17 തുക. 1,37,000/- |
| 4 | ഗവ.യു.പി.എസ്, പേരയം | നാച്ച്യുറൽ ബുക്ക്സ്റ്റാൾ (ബിൽ ആർക്കാണ് കൊടുത്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല) | 6362/ 6363/ 18.06.16 | 5000 (40 പുസ്തകം) | 01/16-17 30.03.17 തുക 1,37,000/- |

സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ വൗച്ചർ 3 പ്രകാരം 47 പുസ്തകങ്ങളും വൗച്ചർ 4 പ്രകാരം 40 പുസ്തകങ്ങളുമാണ് ഉള്ളത്. എന്നാൽ സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഈ വൗച്ചറുകൾ പ്രകാരമുള്ള ആകെ 87 പുസ്തകങ്ങളുടെ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രാദേശിക പരിശോധനയിൽ മേൽ ബില്ലുകളിലെ 87 പുസ്തകങ്ങളുടെ വിവരങ്ങൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രാദേശിക പരിശോധനയിൽ മേൽ ബില്ലുകളിലെ 87 പുസ്തകങ്ങളും അവിടെയില്ല എന്ന് വ്യക്തമായിട്ടുണ്ട്. പ്രാദേശിക പരിശോധന റിപ്പോർട്ട് (തീയതി. 24.06.17)ൽ പ്രസ്തുത ബിൽ പ്രകാരമുള്ള പുസ്തകങ്ങളെല്ലാം 06.07.2017-നകം സ്റ്റോക്കിലെടുത്ത് ഓഡിറ്റിനെ അറിയിക്കാമെന്ന് 2017 ജൂൺ മാസത്തിലെ പേരയം ഗവൺമെന്റ് യു.പി.എസ് എച്ച്.എം അറിയിക്കുകയുണ്ടായി. എന്നാൽ നാളിതുവരെ മേൽ വിഷയത്തിന്മേലുള്ള യാതൊരു വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.


പുസ്തകങ്ങൾ വാങ്ങാതെ ചെലവ് ചെയ്തതായി രേഖകൾ ഹാജരാക്കിയിരിക്കുന്നു. ഇപ്രകാരം ചെലവ് ചെയ്യാതെ പഞ്ചായത്ത് ഫണ്ടിനുണ്ടായ 10000/-രൂപയുടെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ 10000/-രൂപയുടെ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനായ എച്ച്.എം-ൽ നിന്ന് പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994 സെക്ഷൻ 16(1) പ്രകാരമുള്ള സർചാർജ് നടപടികൾക്കായി ശുപാർശ ചെയ്യുന്നതാണ്.

## 3-14 സ്കൂളുകൾക്ക് ഫ്രിഡ്ജുകൾ വാങ്ങിയത് - എം.ആർ.പി.യിൽ അധികരിച്ച് നൽകിയ 19425/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. : SOO63/17

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | സമഗ്ര വിദ്യാഭ്യാസ പരിപാടികൾ |
| അടങ്കൽ തുക | : | 786285 |
| ചെലവ് തുക | : | 786285 |
| ബിൽ നം./തീയതി/തുക | : | 01/16-17 തീയതി.30.03.17 തുക – 137000/- |
| | | 03/16-17 തീയതി.30.03.17 തുക – 350242/- |
| | | 04/16-17 തീയതി.30.03.17 തുക – 249819/- |
| | | 05/16-17 തീയതി.30.03.17 തുക – 34596/- |
| | | 05/16-17 തീയതി.30.03.17 തുക – 14628/- |

സമഗ്ര വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി സ്കൂളുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 6,49,285/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈ തുകയിൽ 1,46,875/-രൂപ 5 ഫ്രിഡ്ജുകൾ വാങ്ങുന്നതിനായി ചെലവ് ചെയ്തു. വൗച്ചർ നം.49 ഇടപ്പഴിഞ്ഞി ടൈടെക് ട്രേഡേഴ്സിന്റെ 28.03.17-ലെ 42 നമ്പർ ഇൻവോയ്സ്. മേൽ പ്രോജക്ട് പ്രകാരം സാംസങ് കമ്പനിയുടെ Model – GL-1292 RPZY-ന്റെ ഒരു യൂണിറ്റ് പ്രൈസ് 25655-ഉം 14.5% നികുതിയായ 3720/-രൂപയും കൂടി ആകെ 29375/-രൂപയാണ് ഒരു യൂണിറ്റിന് വിലയിട്ടിരിക്കുന്നത്. ഇപ്രകാരം എം.ആർ.പി-യേക്കാൾ ഒരു യൂണിറ്റിന് 3885/-രൂപ (വൗച്ചർ പ്രകാരം 5 യൂണിറ്റിനുള്ള 29375 x 5 = 146875/-രൂപ പിൻവലിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ പാസ്സാക്കിയിട്ടുമുണ്ട്). ഇത്തരത്തിൽ അഞ്ച് ഫ്രിഡ്ജുകൾ വാങ്ങാൻ 5 x 3885 = 19425/- രൂപയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം ചെലവ് ചെയ്തിരിക്കുന്നത്.




ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/24.06.17-ന് മൂന്നു വർഷത്തിൽ കുറയാത്ത AMC ലഭ്യമാക്കിയതിനാലാണ് ഈ തുക ഈടാക്കിയതെന്ന് മറുപടി നൽകിയിരിക്കുന്നു.

എന്നാൽ ഫ്രിഡ്ജ് വാങ്ങിയതിന്റെ സ്ഥാപനത്തിന്റെ ബില്ലിൽ യൂണിറ്റ് പ്രൈസ്, നികുതി എന്നിങ്ങനെ വേർതിരിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായി ചെലവ് ചെയ്ത 19425/-രൂപ പഞ്ചായത്ത്

ഫണ്ടിനുണ്ടായ നഷ്ടമാണ്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികമായ ചെലവ് ചെയ്ത 19425/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ എച്ച്.എം.-ൽ നിന്നും ഈടാക്കി പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടിയാനെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994 സെക്ഷൻ 16(1) പ്രകാരമുള്ള സ്സർചാർജ് നടപടികൾക്കായി ശുപാർശ ചെയ്യുന്നതായിരിക്കും.

## 3-15 വിദ്യാഭ്യാസ പ്രോജക്ട് തയ്യാറാക്കുമ്പോൾ വേണ്ട പരിഗണനയില്ല

വിദ്യാഭ്യാസ പദ്ധതികൾ തയ്യാറാക്കുമ്പോൾ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഇത്തരത്തിലുള്ള മുൻഗണനാക്രമം, ഈ സ്ഥാപനത്തിൽ വിദ്യാഭ്യാസ പദ്ധതികൾ രൂപീകരണ വേളയിൽ വേണ്ട രീതിയിൽ നൽകുന്നില്ല എന്നാണ് പഞ്ചായത്തിന് കീഴിലുള്ള പേരയം ഗവൺമെന്റ് യു.പി.എസ്, ആറ്റിൻപുറം ഗവൺമെന്റ് യു.പി.എസ്, പനയമുട്ടം ഗവൺമെന്റ് യു.പി.എസ് എന്നിവിടങ്ങളിലെ ഭൗതിക/അടിസ്ഥാന സാഹചര്യങ്ങളിൽ നിന്നും വ്യക്തമാകുന്നത്.



പ്രവർത്തനയോഗ്യമല്ലാത്ത മഴക്കുഴി പദ്ധതിയുടെ ദൃശ്യം



ചോരുന്ന ക്ലാസ് മുറികൾ



Partition ഇല്ലാതെ മൂന്ന് ക്ലാസ് മുറികൾ ഒരുമിച്ച് ഒരു ഹാളിൽ പ്രവർത്തിക്കുന്നു.



ഉപയോഗിച്ചിട്ടില്ലാത്ത ബയോഗ്യാസ് പ്ലാന്റ്




മഴക്കാലത്ത് ചോർന്നൊലിക്കുന്ന ക്ലാസ് മുറികൾ



പാചകപ്പുര അടിസ്ഥാന സൗകര്യങ്ങളില്ല



ഉപയോഗിച്ചിട്ടില്ലാതെ സൂക്ഷിച്ചിരിക്കുന്ന LED ടി.വികൾ



ഉപയോഗിച്ചിട്ടില്ലാത്ത LED ടി.വികൾ

ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാതെ ആധുനിക വത്കരണത്തിന്റെ ഭാഗമായി സ്കൂളുകളിൽ പല ഇലക്ട്രോണിക് സാധനങ്ങളും 2016-17 പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ അവയൊന്നും തന്നെ ഉപയോഗിക്കാതെ വാങ്ങിയ ബോക്സിൽ തന്നെ സൂക്ഷിച്ചും വെച്ചിരിക്കുകയാണ്. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവമാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ, അവയുടെ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് ചെയ്യേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 200000 | ഗ്രോബാഗ് പച്ചക്കറി കൃഷി വികസനം S0037/17 | 200000 |
| | | 32400 | ജൈവ സമൃദ്ധി | - |
| | | 100000 | പാലിയേറ്റിവ് കെയർ S0027/17 | 75064 |
| | | 801947 | EMS ഭവന പദ്ധതി S0066/17 | 801947 |

| | | | | |
|---|---|---|---|---|
| | | 200000 | ആശ്രയ പദ്ധതി തുടർ സേവനം CSO 122/17 | 200000 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് SO019/17 | 100000 |
| | | 160000 | ജിയോ ഇൻഫർമാറ്റിക്സ് | 160000 |
| ജില്ലാ പഞ്ചായത്ത് | | 9000 | ജൈവ സമൃദ്ധി | - |

## 4-2 ഡെപ്പോസിറ്റ് വർക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൽക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെ വിവരം (KSEB, KWA, GWD എന്നിവയിലെ വിവരം പ്രത്യേകം ഉൾപ്പെടുത്തുക)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതി | - | 36599 | 36599 | പ്രവൃത്തി പൂർത്തീകരിച്ചു | - |
| KSEB | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | - | 150000 | 150000 | പ്രവൃത്തി പൂർത്തീകരിച്ചു | - |
| KWA | പൈപ്പ് ലൈൻ നീട്ടി കുടിവെള്ള മെത്തിക്കൽ | - | 1409735 | 1409735 | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു | - |
| KWA | കുടിവെള്ള ടാപ്പുകൾ സ്ഥാപിക്കൽ | - | 310000 | 310000 | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

*(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം*

ഇല്ല

*(ii) വായ്പ തിരിച്ചടവിന്റെ വിവരം*

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| - | - | 1374300 | 5497200 | 1374300 | - | 4122900 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 6880/-രൂപയുടെ വരവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 99-2000 | 50, 51,<br>52, 53 | 880 | ഉഷ.ജി, സെക്രട്ടറി | 11606100373<br>13.05.2016 |
| | | 6000 | V.K.Sheela,<br>former Asst.Engineer | 11606101983<br>31.01.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53133414 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46131245 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 336436 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 77988 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ചെലവിനങ്ങളുലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്)

(ബി) *<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>*

*<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3(3) | - | 48563 | രമാകുമാരി.ബി.ആർ, അസി.എഞ്ചിനീയർ |
| 3(4) | - | 11962 | ശ്രീ.സന്തോഷ്കുമാർ.കെ.ബി., സെക്രട്ടറി |
| 4(5) | - | 336436 | ശ്രീമതി.സൈമ.ജെ, മുൻ സെക്രട്ടറി |

*<u>ഓഡിറ്റിൽ നിരാകരിക്കുന്ന തുക</u>*

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(3) | 48563 | രമാകുമാരി.ബി.ആർ, അസി.എഞ്ചിനീയർ |
| 3(12) | 10000 | ശ്രീ.കെ.ബുഹാരി, ഹെഡ്മാസ്റ്റർ |
| 3(13) | 19425 | ശ്രീ.കെ.ബുഹാരി, ഹെഡ്മാസ്റ്റർ |

*(സി) <u>കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ</u>*

*<u>നഷ്ടത്തിന്റെ വിവരം</u>*

ഇല്ല

*(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>*

ഇല്ല

*(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രമാകുമാരി.ബി.ആർ, അസി.എഞ്ചിനീയർ | കൃഷ്ണകൃപ, സുവർണ്ണ നഗർ, കുളപ്പട.പി.ഒ, ആര്യനാട് | കൃപ, സുവർണ്ണ നഗർ, കുളപ്പട.പി.ഒ, ആര്യനാട് |
| സൈമ.എസ്, മുൻ സെക്രട്ടറി | കരിം നിവാസ്, കന്യാകുളങ്ങര, വെമ്പായം.പി.ഒ. | കരിം നിവാസ്, കന്യാകുളങ്ങര, വെമ്പായം.പി.ഒ. |
| സന്തോഷ്കുമാർ.കെ.ബി | കമലാ നിലയം, കുര്യാത്തി, പനയ്ക്കോട്.പി.ഒ, ആര്യനാട്, നെടുമങ്ങാട് | കമലാ നിലയം, കുര്യാത്തി, പനയ്ക്കോട്.പി.ഒ, ആര്യനാട്, നെടുമങ്ങാട് |
| ശ്രീ.കെ.ബുഹാരി | - | ബി.എസ്.നിവാസ്, താലിക്കുഴി.പി.ഒ, പുളിമാത്ത് വഴി |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-2001 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/133/03 07.03.03 | 12 | |
| 2001-2002 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/72/04 13.10.05/14.08.06 | 19 | |
| 2001-2002 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/112/07 17.10.07 | 4 | |
| 2002-2003 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/210/06 22.11.07 | 7 | |
| 2003-2004 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1703/08 15.04.09/05.05.09 | 11 | |
| 2004-2005 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1704/08 15.04.09/05.05.09 | 10 | |
| 2005-2006 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/867/09 | 7 | |

| | | | |
|---|---|---|---|
| | 04.02.10/04.03.10 | | |
| 2006-2007 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/868/09 04.02.10/04.03.10 | 8 | |
| 2007-2008 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/764/11 27.10.11/03.02.11P | 9 | |
| 2008-2009 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/765/11 27.10.11/03.02.11 | 9 | |
| 2009-2010 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1372/11 21.02.12/16.03.12 | 7 | |
| 2010-2011 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/345/12 07.07.12 | | |
| 2011-2012 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/2549/13 15.11.13 | | |
| 2012-2013 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/2258/14 21.02.15/12.06.15 | | |
| 2014-2015 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6./1187/2016 01.08.16 | 5 | |
| 2015-2016 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6./2009/2016 23.11.16 | 7 | |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

പനവൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകൾ</u>

1. സചിത്ര സോഫ്റ്റ്‌വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത കണക്കാക്കാൻ കഴിയുന്നില്ല.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.